(സി) ഉൽപ്പാദനക്ഷമത കൂടിയ വേരു പിടിപ്പിച്ച് മേൽത്തരം കുരുമുളകു വള്ളികളും ഉൽപ്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്കു വിതരണം ചെയ്തുവരുന്നു.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

തഴക്കര പഞ്ചായത്തിലെ റേഷൻ റീട്ടെയിൽ ഷോപ്പ്

1238. [1852] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര താലൂക്കിൽ തഴക്കര പഞ്ചായത്തിൽ 7-ാം വാർഡിൽ സർക്കാർ പുതുതായി അനുവദിച്ച റീട്ടെയിൽ റേഷൻ ഡിപ്പോ സിവിൽ സപ്ലൈസ് കമ്മീഷണർ സ്റ്റേറ് ചെയ്ത വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്തു അനന്തര നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) സർക്കാർ അനുവദിച്ച റീട്ടെയിൽ റേഷൻ ഡിപ്പോ സിവിൽ സപ്ലൈസ് കമ്മീഷ്ണർ സ്റ്റേറ് ചെയ്തെന്ന് പറയുന്നത് ശരിയല്ല. പ്രസ്തുത ഡിപ്പോയിലേക്ക് ഡീലറെ നിയമിക്കുന്നതിന് 12-3-1986-ൽ ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനു കീഴിലായി 1966-ലെ കേരള റേഷനിംഗ് ഉത്തരവിലെ 70-ാം ക്ലോസ് പ്രകാരം കമ്മീഷ്ണറുടെ മുൻപാകെ സമർപ്പിച്ച ഹർജി തീരുമാനമാകുന്നതുവരെ പ്രസ്തുത നോട്ടിഫിക്കേഷനെ തുടർന്നുള്ള നടപടികളാണ് കമ്മീഷ്ണർ സ്റ്റേ ചെയ്തിരിക്കുന്നത്.

(ബി) ഇക്കാര്യം ഇപ്പോൾ സിവിൽസപ്ലൈസ് കമ്മീഷ്ണറുടെ പരിഗണനയിലാണ്.

തറമ്മൽ അങ്ങാടി റേഷൻ ഷോപ്പ്

1239. [1853] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിലെ തറമ്മൽ അങ്ങാടി എന്ന സ്ഥലത്ത് റേഷൻ ഷോപ്പ് തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, റേഷൻ ഷോപ്പ് തുടങ്ങിയോ ;

(സി) ഇല്ലെങ്കിൽ, കാരണമെന്ത് ?

ഉത്തരം

(എ) എടുത്തിരുന്നു.

(ബി) ഇല്ല.

(സി) ഡീലർ നിയമത്തിനുവേണ്ടി കിട്ടിയിട്ടുള്ള അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയാണ്. അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly